**ക്രമപ്രശ്നം**

ശ്രീ. വി. ഡി. സതീശൻ: Sir, I object the admissibility of this amendment. ഈ പ്രമേയത്തിന്റെ അന്തസ്സത്തയ്ക്ക് ചേരാത്തതും അതിന്റെ സ്കോപ്പിന് അപ്പുറത്തുള്ളതും നെഗറ്റീവ് ക്യാരക്ടറിലുള്ളതുമായ ഒരു അമെന്റ്മെന്റാണ് ഇവിടെ നൽകിയിരിക്കുന്നത്. ശക്ധർ ആന്റ് കൗളിൽ വളരെ കൃത്യമായി പറയുന്നുണ്ട്, Admissibility of amendments - An amendment to be admissible must not be vague or indefinite nor should it be negative in character. An amendment should not seek to widen the scope of the resolution. ഈ റെസല്യൂഷന്റെ സ്കോപ്പിൽ ഒതുങ്ങിനിൽക്കുന്ന അമെന്റ്മെന്റല്ല ഇവിടെ തന്നിരിക്കുന്നത്. ഈ സർക്കാരിന്റെ കാലത്ത് നടത്തിയ ദളിത് പീഡനങ്ങളെക്കുറിച്ചുള്ള ഒരു പ്രമേയമാണ് ചർച്ചയ്ക്ക് വന്നിരിക്കുന്നത്, എന്നാൽ അതിന്റെ സ്കോപ്പിനപ്പുറത്തേയ്ക്കാണ് പോയിരിക്കുന്നത്. മാത്രമല്ല, ഇവിടെ നൽകിയിരിക്കുന്ന എല്ലാ അമെന്റ്മെന്റും negative in character ആണ്. അതുകൊണ്ട് ഈ ഭേദഗതികൾ സ്വീകരിക്കരുതെന്ന് അഭ്യർത്ഥിക്കുന്നു.